3

# പരിശുദ്ധാത്മാവും വെളിപ്പാടും

*"ഇനിയും വളരെ നിങ്ങളോടു പറവാനുണ്ട്; എന്നാൽ ഇപ്പോൾ നിങ്ങൾക്ക് വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളതു നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും" (യോഹന്നാൻ 16:12–14).*

തിരഞ്ഞെടുത്ത പുരുഷന്മാരെ ദൈവസന്ദേശം ഉപദേശിച്ച് അവർ ദൈവത്തിന്റെ വചനം സംസാരിക്കയും എഴുതുകയും ചെയ്യുവാൻ സഹായിക്കുക എന്ന ഉത്തരവാദിത്തമായിരുന്നു ആത്മാവിന് ഉണ്ടായിരുന്നത്. ആത്മാവിനാൽ അവർക്ക് ലഭിച്ച വെളിപ്പാടാണ് ബൈബിളിലുള്ളത്.

### ആത്മാവ് സന്ദേശം വെളിപ്പെടുത്തിയത് എങ്ങനെ?

*തെയോപ്നുസ്തോസ്* എന്ന വാക്കാണ് പൗലൊസ് ഉപയോഗിച്ചത് ("ദൈവം-ശ്വസിച്ചു"), "ദൈവ-ശ്വാസീയം" എന്നു തർജ്ജിമ ചെയ്തു, അത് എങ്ങനെ തിരുവെഴുത്ത് നൽകി എന്ന് വിവരിക്കുന്നു. "എല്ലാ തിരുവെഴുത്തും *ദൈവശ്വാസിയമാകയാൽ* ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിയിലും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്ന് ഉപദേശത്തിനും, ശാസനത്തിനും, തർജനത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമൊഥെയൊസ് 3:16, 17; എംഫസിസ് മൈൻ). ദൈവം എങ്ങനെയാണ് അത് ഉപയോഗിക്കുന്നതെന്ന് ഈ വേദഭാഗം വെളിപ്പെടുത്താത്തതുകൊണ്ട് നമുക്ക് മറ്റു വേദഭാഗങ്ങൾ പഠിക്കേണ്ടതുണ്ട്.

ചിലർക്ക് ദൈവം തന്റെ വചനം നൽകിയത് പരിശുദ്ധാത്മനിയോഗത്താലായിരുന്നു എന്ന് ബൈബിൾ പഠിപ്പിക്കുന്നു. തിരുവെഴുത്ത് എഴുതിയവരിൽനിന്ന് ഉത്ഭവിച്ചതല്ല അത്. പരിശുദ്ധാത്മാവ് വെളിപ്പെടുത്തിക്കൊടുത്തതാണ് അവർ എഴുതിയത്.

അതുപോലെ യേശു തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു (മത്തായി 10:2–4), "... എന്നാൽ നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങനെയോ എന്തോ പറയേണ്ടു എന്നു വിചാരപ്പെടേണ്ട; പറവാനുള്ളത് ആ നാഴികയിൽ തന്നെ നിങ്ങൾക്ക് ലഭിക്കും. പറയുന്നത് നിങ്ങൾ അല്ല, നിങ്ങളിൽ പറയുന്ന നിങ്ങളുടെ പിതാവിന്റെ ആത്മാവത്രെ'' (മത്തായി 10:19, 20). യേശുവിന്റെ വാഗ്ദാനം ശ്രദ്ധിക്കുക: (1) തങ്ങളെ പ്രകടിപ്പിക്കേണ്ടത് "എങ്ങനെ" എന്ന് അവർ വിചാരപ്പെടേണ്ടതില്ല. (2) തങ്ങൾ "എന്തു പറയേണം" എന്നും വിചാരപ്പെടേണ്ടിയിരുന്നില്ല. അവരുടെ ആ ധൈര്യത്തിനുള്ള കാരണം (3) അവർ ''എന്തു'' പറയേണമോ അതു അവർക്ക് ''ലഭിക്കും'' എന്നതായിരുന്നു. (4) സംസാരിക്കുന്നത് അവർ ആയിരുന്നില്ല, (5) അവ "രിൽ" സംസാരിക്കുന്നത് ആത്മാവായിരിക്കും.

അതുകൊണ്ട്, അപ്പൊസ്തലന്മാർ പഠിപ്പിച്ചത്, അവരുടേതായിരുന്നില്ല.

അവരുടെ വാക്കുകൾ ആത്മാവ് അവർക്ക് നൽകിയതായിരുന്നു (1 കൊരിന്ത്യർ 2:13). ഈ ആശയത്തെ എതിർക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത്, എഴുത്തുകാർ അവരുടേതായ രീതിയിൽ എഴുതിയതുകൊണ്ട്, ചിന്തകൾ മാത്രം അവർക്ക് ദൈവശ്വാസിയ ഉപദേശമായി അവരുടേതായ വാക്കുകളിൽ അവതരിപ്പിക്കുവാൻ അവർക്ക് കഴിഞ്ഞു എന്നാണ്. ഇത് അനാവശ്യമായ ഒരു തീർപ്പാണ്, എന്തു സംഭവിക്കുമെന്ന് യേശു പറഞ്ഞതിനു വിപരീതവുമാണ്.

## അവരുടെ ശൈലി ഉപയോഗിച്ചു

ഓരോ എഴുത്തുകാരന്റേയും പ്രാദേശികഭാഷയിൽ വാക്കുകൾ ഉപയോഗിക്കുവാൻ ആത്മാവ് നൽകിയെങ്കിൽ, ദൈവവചനം വെളിപ്പെടുത്തുവാൻ എന്തുകൊണ്ട് അവന്റെ പ്രത്യേക ശൈലിയും രീതിയും ഉപയോഗിച്ചുകൂടാ? പ്രഗത്ഭനായ ഒരു സംഗീതജ്ഞന് ഒരേ ടൂൺ തന്നെ വിവിധ ഉപകരണങ്ങളിൽ ഉപയോഗിക്കുവാൻ കഴിയും. പരിശീലനം ലഭിച്ച ഒരു ശ്രോതാവിന് ടൂൺ കേട്ടുകഴിഞ്ഞാൽ ഏത് ഉപകരണമാണ് ഉപയോഗിച്ചതെന്ന് തിരിച്ചറിയാം. ഓരോ ഉപകരണത്തിനും വ്യത്യസ്തമായ ശബ്ദമാണുള്ളത്, എന്നാൽ നന്നായി-ഉപയോഗിക്കുന്ന ടൂൺ എപ്പോഴും ഒന്നു തന്നെയായിരിക്കും. അതുപോലെ തന്നെയാണ്, ദൈവശ്വാസിയ എഴുത്തുകാരിൽ ആത്മാവ് ഉപയോഗിച്ചത്. ആ മനുഷ്യന്റെ പ്രകടനരീതി നൽകുമ്പോൾ തന്നെ, എന്തു പറയേണമെന്ന് അവൻ ആഗ്രഹിച്ചുവോ അതു തന്നെയാണ് പറഞ്ഞത്.

ആർ. സി. എച്ച്. ലെൻസ്ക്കി ശരിയായി നിരീക്ഷിച്ചു,

> ആത്മാവിന്റെ ഈ ഉപദേശം, യാന്ത്രികമായതെല്ലാം മാറ്റി നിർത്തി സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നത് ആത്മാവ് ഓരോ എഴുത്തുകാരനിലും വാക്കുകൾ സമൃദ്ധമായി നൽകി അവരുടെ വ്യക്തിപരമായ ശൈലിയിൽ എഴുതുവാൻ സഹായിച്ചു, എല്ലാ എഴുത്തുകാരും ഒരേ വാക്കുകളും ഒരേ ശൈലിയുമാണ് ഉപയോഗിച്ചതെങ്കിൽ, യാന്ത്രികമാണെന്ന് സംശയിച്ചേക്കാം, അങ്ങനെ ചെയ്താൽ നമ്മളാണെങ്കിൽ തെറ്റിപ്പോകുവാനും സാധ്യതയുണ്ട്. വിവിധ എഴുത്തുകാരെ നമ്മുടെ ദൈവവും, യജമാനനുമായ ഉപദേഷ്ടാവ് ഒരൊറ്റ ഉദ്ദേശം നിലനിർത്തുകയായിരുന്നു: ഒരൊറ്റ എഴുത്തുകാരനും തെറ്റായ ഒരു കുറിപ്പോ, വാക്കോ, പദമോ പോലും എഴുതിയില്ല, അല്ലെങ്കിൽ ഒരു വിശുദ്ധ എഴുത്തുകാരൻ അയാളുടെ ശൈലിയിലും മറ്റൊരാൾ അയാളുടെ ശൈലിയിലും എഴുതിയിട്ടും ഒരൊറ്റ പ്രസ്താവനയിലും വൈരുദ്ധ്യമില്ല.[1]

## അവരുടെ വാക്കുകൾ ഉപയോഗിച്ചു

ദൈവശ്വാസിയ പുരുഷന്മാർക്ക് സന്ദേശം പരിശുദ്ധാത്മാവ് "വാക്കുകളിൽ" ആണ് നൽകിയതെന്ന് പൗലൊസ് പഠിപ്പിച്ചിരിക്കുന്നു. അവൻ എഴുതി, "നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നല്കിയത് അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മികമായതു തെളിയിക്കുന്നു" (1 കൊരിന്ത്യർ 2:12, 13). ആത്മാവ് പഠി

പ്പിച്ച "വാക്കുകളിൽ" പൗലൊസ് ആത്മിയ കാര്യങ്ങൾ പ്രകടമാക്കി.

ലെൻസ്കി പറഞ്ഞു, "ആത്മാവ് ഉപദേശിച്ച വാക്കുകളായിരുന്നു അപ്പൊസ്തലന്മാർ സംസാരിച്ചത്. അവരുടെ 'വക്കുകളുടെ' പോലും ഉപദേഷ്ടാവ് അവനായിരുന്നു. അതു ബൈബിൾ മുഴുവനും വാമൊഴികളടക്കം ദൈവശ്വാസിയമാണെന്ന് തെളിയിക്കുന്നു, തിരുവെഴുത്തിൽ അതു, വാസ്തവമായും സ്പഷ്ടമാക്കിയിട്ടുമുണ്ട്."[2] ചിന്തകൾ മാത്രം നല്കാതെ ദൈവശ്വാസിയരായവരിൽ അവൻ വാക്കുകളും ഉപയോഗിക്കേണ്ടതിന്ന് നൽകി.

തിരുവെഴുത്ത് എഴുതുന്നതിന് ആത്മാവ് എങ്ങനെ ശ്വാസിയമാക്കി എന്നു മനസിലാക്കുവാൻ സഹായിക്കുന്ന വേദഭാഗമാണ് 1 കൊരിന്ത്യർ 2:12, 13:

> നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി, ദൈവത്തിൽനിന്നുള്ള ആത്മാവിനെയത്രെ പ്രാപിച്ചത്. അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാലല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നെ പ്രസ്താവിച്ചുകൊണ്ട് ആത്മികന്മാർക്ക് ആത്മിയമായത് തെളിയിക്കുന്നു.

ആ വേദഭാഗം മനസിലാക്കുന്നതിന്, പൗലൊസ് ആരെയാണ് "നാം" എന്നു പറഞ്ഞിരിക്കുന്നത് എന്ന് നാം മനസിലാക്കണം. ചിലപ്പോൾ പൗലൊസ് തന്നെ സൂചിപ്പിച്ചുകൊണ്ട് "ഞാൻ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്, എന്നാൽ മറ്റു സമയങ്ങളിൽ – ആധികാരിതക്കും ഉദാഹരണത്തിനുമായി തന്നോടൊപ്പം മറ്റുള്ളവരേയും ചേർത്ത് – "ഞങ്ങൾ" എന്നു പറഞ്ഞിട്ടുണ്ട്. 1 കൊരിന്ത്യർ 1 ന്റെ ആദ്യ പകുതിയിൽ അവൻ കൂടെക്കൂടെ "ഞാൻ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (വാ.4, 10–12, 14, 16); എങ്ങനെയായാലും, ആ അദ്ധ്യായത്തിൽ പിന്നീട് അവൻ "ഞങ്ങൾ" എന്ന വാക്കിലേക്ക് മാറുന്നുണ്ട്. "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവുമെങ്കിലും" (വാ.23). ഈ വാക്യത്തിൽ അവൻ "ഞങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് ശ്രോതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ടല്ല, മറിച്ച് തന്നെയും മറ്റു ദൈവശ്വാസിയ ഉപദേഷ്ടാക്കന്മാരെയും ഉൾപ്പെടുത്തി പറഞ്ഞതാണ്.

അദ്ധ്യായം 2 ന്റെ ആദ്യഭാഗത്തും പൗലൊസ് ഈ മാതൃക പിൻപറ്റുന്നുണ്ട്, "ഞാൻ" എന്നു തന്നെത്തന്നെ സൂചിപ്പിച്ചു പറയുന്നു (വാ.1–3). പിന്നെ വാക്യം 6ലും 7 ലും ദൈവവചനം ഉപദേശിക്കുന്നവരേയും ചേർത്തു പറയുന്നുണ്ട്. "തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; ... ദൈവത്തിന്റെ ജ്ഞാനമത്രെ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു"

എന്നാൽ ചിലർ 1 കൊരിന്ത്യർ 2:12 ലെ "ഞങ്ങൾ" എന്ന വാക്ക് എടുത്ത് ദൈവശ്വാസിയരല്ലാത്ത ക്രിസ്ത്യാനികളും അതിൽ ഉൾപ്പെടുന്നതായി കരുതുന്നു. അവർ മുൻപറഞ്ഞ മാതൃക കണ്ടില്ലെന്നു നടിക്കുകയാണ്. ആത്മാവ് വെളിപ്പെടുത്തിയാലേ ക്രിസ്ത്യാനിക്ക് വചനത്തിന്റെ അർത്ഥം മനസിലാകയുള്ളു എന്നാണ് അവർ വിശ്വസിക്കുന്നത്. അതിനെ ഗോർഡൻ ഫീ ഇങ്ങനെ പറഞ്ഞിരിക്കുന്നു, "ക്രൂശിക്കപ്പെട്ടവൻ മുഖാന്തരമുള്ള ... രക്ഷയെ കുറിച്ചാണ് പൗലൊസ് പറഞ്ഞത് (1:23, 24; 2:2). ദൈവജനത്തിന് അതു കൃത്യമായി 'മനസിലാകുന്നത്' അവരിൽ ആത്മാവുള്ളതുകൊണ്ടാണ്."[3]

ആത്മാവ് വ്യക്തിപരമായി പഠിപ്പിക്കുന്നുവെന്നോ അല്ലെങ്കിൽ ദൈവ

ത്തിന്റെ വചനം എല്ലാ ക്രിസ്ത്യാനികൾക്കും വെളിപ്പെടുത്തിക്കൊടുക്കുന്നുവെന്നോ അല്ലെങ്കിൽ ആത്മാവിന്റെ സഹായമില്ലാതെ വചനം മനസിലാക്കുവാൻ കഴിയുകയില്ല എന്നോ അല്ല പൗലൊസ് പഠിപ്പിച്ചത്. മറിച്ച്, ആത്മാവിനാൽ ശ്വാസിയരായ മനുഷ്യരിൽ ദൈവം തന്റെ ജ്ഞാനം വെളിപ്പെടുത്തി എന്നാണ്. വെളിപ്പാടിനാൽ ദൈവത്തിന്റെ ചിന്ത അറിയായ്‌വന്നു (1 കൊരിന്ത്യർ 2:10–12).

## ദൈവത്തിന്റെ വചനം നാം എങ്ങനെയാണ് പഠിക്കേണ്ടത്?

**ലൗകിക കാഴ്ച്ചപ്പാടിനാൽ അല്ല**

അനാത്മിക മനുഷ്യൻ എന്തുകൊണ്ട് ദൈവവചനം മനസിലാക്കുകയോ, സ്വീകരിക്കയോ ചെയ്യുന്നില്ല എന്നതിനു പൗലൊസ് രണ്ടു കാരണങ്ങൾ നൽകുന്നു: (1) ദൈവത്തിന്റെ വെളിപ്പാട് അവന്ന് "ഭോഷത്വമാണ്." അനാത്മികന്ന് ദൈവത്തിന്റെ ഉപദേശം അന്യമാണ് കാരണം അവൻ ലോകപ്രകാരം ചിന്തിക്കുന്നതുകൊണ്ടാണ്. പൗലൊസ് വിശദമാക്കുന്നു, "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വമാകുന്നു" (1 കൊരിന്ത്യർ 1:18); "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവുമെങ്കിലും" (1 കൊരിന്ത്യർ 1:23). ലോകപ്രകാരം ചിന്തിക്കുന്ന മനുഷ്യന് ദൈവികജ്ഞാനം പുറത്തായതുകൊണ്ട്, അവൻ അതു സ്വീകരിക്കുന്നില്ല. (2) "ആത്മിയമായി പുകഴ്ത്തപ്പെടേണ്ടതാണ്" ദൈവത്തിന്റെ വെളിപ്പാട്. അനാത്മികൻ ജ്ഞാനത്തെ ലോകപ്രകാരമുള്ള കാഴ്ച്ചപ്പാടിൽ വിവേചിക്കുന്നതുകൊണ്ട്, അവന്ന് ദൈവത്തിന്റെ സത്യങ്ങൾ മനസിലാക്കുവാൻ സാധ്യമല്ല:

> ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായത് തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മ ചെയ്‌വാൻ ദൈവം ലോകത്തിൽ കുലഹീനവും, നികൃഷ്ടവുമായതും, ഏതുമില്ലാത്തതും തിരഞ്ഞെടുത്തു ... ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നുതന്നെ (1 കൊരിന്ത്യർ 1:27–29).

> "നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറെച്ചു ശിശുക്കൾക്ക് വെളിപ്പെടുത്തിയിരിക്കുന്നു" (മത്തായി 11:25).

> "ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു, നിങ്ങൾ ദൈവസന്തതി അല്ലായ്കകൊണ്ട് കേൾക്കുന്നില്ല" (യോഹന്നാൻ 8:47).

ദൈവമനസ് "അറിയേണ്ടതിനത്രെ" അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനെ നൽകിയത് (1 കൊരിന്ത്യർ 2:12). ആത്മാവ് അവർക്ക് ദൈവത്തിന്റെ "വചനങ്ങൾ" നൽകി, അങ്ങനെ നമുക്ക് അവർ വെളിപ്പെടുത്തിത്തന്നു. അതുകൊണ്ട് നമുക്ക് ദൈവത്തിന്റെ ജ്ഞാനം മനസിലായി. അവർ മുഖാന്തരം ആത്മാവല്ല, വചനമാണ് നമുക്ക് നൽകിയത്, അങ്ങനെ നമുക്ക് ആത്മാവിന്റെ കാര്യങ്ങൾ മനസിലാക്കുവാൻ കഴിഞ്ഞു. തിരുവെ

ഴുത്ത് വായിച്ചാണ് നാം ദൈവേഷ്ടം മനസിലാക്കുന്നത്, എന്നാൽ അപ്പൊസ്തലന്മാർക്ക് അതു ആത്മാവ് നേരിട്ട് വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു. ആത്മിയ കാഴ്ച്ചപ്പാടിലാണ് നാം ദൈവവചനം വായിച്ചു പഠിക്കുന്നത്, പക്ഷെ അവർക്ക് അത് ആത്മാവ് നേരിട്ട് വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു.

**തുടർച്ചയായ പഠനം മുഖാന്തരം**

അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവ് വെളിപ്പെടുത്തിക്കൊടുത്തത് ശ്വാസിയരായ പുരുഷന്മാർ എഴുതിയത് ഇപ്പോൾ നമുക്ക് ഉണ്ട്.അത് നമുക്ക് വേണ്ടി എഴുതിയിരിക്കുന്നത്, നാം ദൈവത്തിന്റെ സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും, അതു മനസിലാക്കുവാനും വേണ്ടിയാണ്. അവ എഴുതിയിരിക്കുന്നത് നമ്മെ കലക്കുന്നതിനല്ല. ദൈവവചനം തുടർച്ചയായി പഠിച്ചുകൊണ്ട് നമുക്ക് ദൈവികസത്യം അറിയുവാൻ കഴിയും. യേശു പറഞ്ഞു, "എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി. സത്യം നിങ്ങൾ അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹന്നാൻ 8:31, 32).

പൗലൊസ് എഴുതി,

> നിങ്ങൾ വായിക്കുന്നതും ഗ്രഹിക്കുന്നതും അല്ലാതെ മറ്റൊന്നും ഞങ്ങൾ നിങ്ങൾക്ക് എഴുതുന്നില്ല, അവസാനത്തോളം ഗ്രഹിക്കും എന്നും ഞാൻ ആശിക്കുന്നു (2 കൊരിന്ത്യർ 1:13).
>
> ഞാൻ മീതെ ചുരുക്കത്തിൽ എഴുതിയതുപോലെ വെളിപ്പാടിനാൽ എനിക്ക് ഒരു മർമ്മം അറിയായ്‌വന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ അതു വായിച്ചാൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള മർമ്മത്തിൽ എനിക്കുള്ള ബോധം നിങ്ങൾക്ക് ഗ്രഹിക്കാം. ആ മർമ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും ആത്മാവിനാൽ വെളിപ്പെട്ടതുപോലെ പൂർവ്വകാലങ്ങളിൽ മനുഷ്യർക്ക് അറിയായ്‌വന്നിരുന്നില്ല (എഫെസ്യർ 3:3-5).

ദൈവത്തിന്റെ സത്യം നമ്മോട്, അറിയിക്കേണ്ടതിനാണ് അപ്പൊസ്തലന്മാരും, പ്രവാചകന്മാരും അത് എഴുതിയത്. വായിച്ച് നമുക്ക് ആ സത്യം മനസിലാക്കുവാൻ കഴിയും. പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ നമുക്ക് സത്യം മനസിലാക്കുവാൻ സാധ്യമല്ല എന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ഓരോ ക്രിസ്ത്യാനിയേയും ആത്മാവ് സത്യത്തിലേക്ക് നയിക്കുമെന്ന ആശയം വെറും മർമ്മമാണ്, അല്ലാതെ തിരുവെഴുത്തു തത്വമല്ല.

*ദൈവത്തിന്റെ എഴുതപ്പെട്ട വചനത്തെ ആളുകൾ തെറ്റിദ്ധരിക്കുവാൻ കാരണം അവരുടെ പഠനത്തിന്റേയും ധ്യാനത്തിന്റേയും കുറവാണ്. അവരെ പ്രകാശിപ്പിക്കുന്നതിൽ ആത്മാവ് പരാജയപ്പെട്ടില്ല.* പൗലൊസിന്റെ ലേഖനങ്ങളിൽ "ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലത് ഉണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു" (2 പത്രൊസ് 3:16). ഇത് ഒഴിവാക്കുവാൻ നാം "നമ്മുടെ കർത്താവായ യേശുവിന്റെ കൃപയിലും പരിജ്ഞാനത്തിലും വളരണം" (2 പത്രൊസ് 3:18). അറിവില്ലാത്തവരാണ് തിരുവെ

ഴുത്ത് കോട്ടിക്കളയുന്നത് എന്നാണ് പത്രൊസ് പറഞ്ഞത്, അല്ലാതെ ആത്മാവ് വ്യക്തിപരമായി അവരെ നയിക്കാത്തതുകൊണ്ടല്ല.

ആത്മാവിന്റെ സഹായത്താൽ മനസിലാക്കേണ്ടതിന് എഴുത്തുകാർ മർമ്മ മായി മൂടി വെച്ചിട്ടില്ല. ദൈവത്തിന്റെ വെളിപ്പാട് ആർക്കും വായിച്ചു മനസിലാ ക്കാവുന്ന രീതിയിൽ ആത്മനിയോഗത്താൽ അവർ എഴുതിയിരിക്കുകയാണ്.

### ആത്മാവും ദൈവവചനവും തമ്മിലുള്ള ബന്ധം എന്താണ്?

താൻ അപ്പൊസ്തലന്മാർക്ക് നൽകുന്നതിനെ കുറിച്ച് യേശു സംസാരിച്ചു:

> എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതത്രെ (യോഹന്നാൻ 14:24).
>
> നീ എനിക്ക് തന്ന വചനം ഞാൻ അവർക്ക് കൊടുത്തു. അവർ അതു കൈക്കൊണ്ടു (യോഹന്നാൻ 17:8).
>
> ഞാൻ അവർക്ക് നിന്റെ വചനം കൊടുത്തിരിക്കുന്നു (യോഹന്നാൻ 17:14).
>
> ഞാൻ സ്വയമായി സംസാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവ് തന്നേ ഞാൻ ഇന്നതു പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കല്പന തന്നിരിക്കുന്നു. അവന്റെ കല്പന നിത്യജീവൻ എന്നു ഞാൻ അറിയുന്നു. ആകയാൽ ഞാൻ സംസാരിക്കുന്നത് പിതാവ് എന്നോട് അരുളിച്ചെയ്തതു പോലെ തന്നെ സംസാരിക്കുന്നു (യോഹന്നാൻ 12:49, 50).

പുതിയനിയമസന്ദേശം ആരംഭിക്കുന്നത് യേശുവിൽനിന്നാണ്. “കർത്താവ് പറഞ്ഞു തുടങ്ങിയതും, കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമാണ് അത്” (എബ്രായർ 2:3).

യേശുവിന് പിതാവിൽനിന്ന് ലഭിച്ച വചനമാണ്, അവൻ അപ്പൊസ്തല ന്മാരോട് സംസാരിച്ചത്. യേശു ഭൂമി വിട്ടു സ്വർഗത്തിലേക്ക് മടങ്ങിപ്പോയശേ ഷം, ആ വചനം അപ്പൊസ്തലന്മാരെ ഓർപ്പിച്ചതു പരിശുദ്ധാത്മാവായിരു ന്നു (യോഹന്നാൻ 14:26). പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അനുസരിച്ചായി രുന്നു ദൈവത്തിന്റെ വചനം വെളിപ്പെടുത്തിയതും ഉറപ്പിച്ചതും.

### വെളിപ്പാടിൽ

നമുക്കുള്ള തിരുവെഴുത്ത് ദൈവത്തിന്റെ വചനമാണ് കാരണം പരിശു ദ്ധാത്മവാണ് എഴുതിയവർക്ക് വചനം വെളിപ്പെടുത്തി കൊടുത്തത്. “തിരു വെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്ന തല്ല എന്നു ആദ്യം തന്നെ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശു ദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ” (2 പത്രൊസ് 1:20, 21). ദൈവം പറയുവാൻ ആഗ്രഹിച്ചത് പ്രവാചകൻ വ്യാഖ്യാനിച്ചതല്ല തിരുവെ ഴുത്തിലുള്ളത്.തിരുവെഴുത്തിലുള്ളത് പ്രവാചകന്റെ വ്യക്തിപരമായ അഭിപ്രായങ്ങളല്ല. 2 പത്രൊസ് 1:21 ലെ “ഫോർ” എന്ന വാക്ക് വാക്യം 20

നോട് ചെർത്തിരിക്കുകയാണ്, അതു ഒരാളുടെ "സ്വയമായ വ്യാഖ്യാനത്തെ" ആണ് പറയുന്നത്. പത്രൊസ് എഴുതി, "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ" പ്രവാചകൻ എഴുതിയത് അവൻ ദൈവത്തിന്റെ വെളിപ്പാട് സ്വയമായി വ്യാഖ്യാനിച്ചതല്ല, പിന്നെയൊ അതു ദൈവത്തിന്റെ സന്ദേശമാണ് (മത്തായി 10:19, 20).

**ഉറപ്പിക്കലിൽ**

പരിശുദ്ധാത്മാവ് വചനം വെളിപ്പെടുത്തുക മാത്രമല്ല, അതു ഉറപ്പിക്കുക കൂടെ ചെയ്തു. യേശുവിന്റെ ഉപദേശത്തെ കുറിച്ച് എബ്രായലേഖകൻ പറഞ്ഞു, "ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധവീര്യപ്രവർത്തികളാലും സാക്ഷിനിന്നു, കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതും ആണ്" (എബ്രായർ 2:3, 4). മറ്റു വേദഭാഗങ്ങൾ പറയുന്നു:

> അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു; കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ ഉറപ്പിച്ചും പോന്നു (മർക്കൊസ് 16:20).

> എന്നാൽ അവർ വളരെക്കാലം അവിടെ പാർത്തു, കർത്താവിൽ ആശ്രയിച്ചു പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചുകൊണ്ടിരുന്നു; അവൻ തന്റെ കൃപയുടെ വചനത്തിന് സാക്ഷി നിന്നു, അവരുടെ കയ്യാൽ അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുവാൻ വരം നൽകി (പ്രവർത്തികൾ 14:3).

അടയാളങ്ങളാലും അത്ഭുതങ്ങളാലും ദൈവം വചനത്തെ ഉറപ്പിച്ചു.

**സൂക്ഷിപ്പിൽ**

പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട വചനം ദൈവശ്വാസിയരായ പുരുഷന്മാരാൽ എഴുതി സൂക്ഷിച്ചിരിക്കുന്നു. പൗലൊസ് പറഞ്ഞു, "... ഞാൻ നിങ്ങൾക്ക് എഴുതുന്നതു കർത്താവിന്റെ കല്പന ആകുന്നു" (1 കൊരിന്ത്യർ 14:37). ആത്മാവിനാൽ വെളിപ്പെടുത്തി കിട്ടിയതായിരുന്നു പൗലൊസിന്റെ സന്ദേശം (1 കൊരിന്ത്യർ 2:12, 13). മറ്റു ബൈബിൾ എഴുത്തുകാരും സംസാരിച്ചതും എഴുതിയതും അതേ ഉറവിടത്തിൽ നിന്നു തന്നെ (എഫെസ്യർ 3:3–5).

പരിശുദ്ധാത്മാവ് മുഖാന്തരമാണ് ദൈവശ്വാസിയമായ ബൈബിൾ നമുക്ക് ലഭിച്ചത് (2 തിമൊഥെയൊസ് 3:16; 2 പത്രൊസ് 1:20, 21).

## ഉപസംഹാരം

അവന്റെ വചനം നമുക്ക് വെളിപ്പെടുത്തി തരുവാൻ ദൈവം ഉപയോഗിച്ച മാദ്ധ്യമമായിരുന്നു പരിശുദ്ധാത്മാവ്. ഈ ക്രിസ്തീയ യുഗത്തിൽ, സകല അധികാരവുമുള്ള – യേശു മുഖാന്തരം (മത്തായി 28:18) – വ്യക്തിപരമായി വചനം മനുഷ്യരിലെത്തിക്കുകയും, പരിശുദ്ധാത്മനിയോഗം പ്രാപിച്ച പുരുഷന്മാർ മുഖാന്തരം അത് എഴുതി നമുക്ക് വേണ്ടി സൂക്ഷിക്കയും ചെയ്തിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തിയനുസരിച്ച്, തിരവെഴുത്തിന്റെ ഒരോ ഭാഗവും നമുക്ക് വേണ്ടി തെറ്റുപറ്റാത്ത വെളിപ്പാടാക്കി തന്നിരിക്കുന്നു.

കുറിപ്പുകൾ

[1]ആർ. സി. എച്ച്. ലെൻസ്ക്കി, *ദ ഇന്റർപ്രെട്ടേഷൻ ഓഫ് സെന്റ് പോൾസ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടൂ ദ കൊരിന്ത്യൻസ്* (മിന്നെപ്പൊലിസ്, മിൻ.: ആഗ്സ്ബർഗ് പബ്ലിഷിങ്ങ് ഹൗസ്, 1963), 112–13. [2]ഇബിഡ്., 111–12. [3]ഗോർഡൻ ഡി. ഫീ, *ദ ഫസ്റ്റ് എപ്പിസ്റ്റിൽസ് ടു ദ കൊരിന്ത്യൻസ്*, ദ ന്യു ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 113.